പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3872 — 23.08.2017 ൽ മറുപടിക്ക്

**മാടായിക്കാവ് ക്ഷേത്രകലാ അക്കാദമി**

| ചോദ്യം<br>ശ്രീ.ടി.വി. രാജേഷ് | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിയിൽ ഏതൊക്കെ കോഴ്സുകൾ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; കോഴ്സുകൾ എപ്പോൾ ആരംഭിക്കുവാൻ കഴിയും<br>(ബി) ക്ഷേത്രകലാ അക്കാദമിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (എ) & (ബി)<br>മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിയിൽ ചെണ്ട, ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, മുഖമെഴുത്ത് എന്നീ കോഴ്സുകൾ എത്രയും വേഗം ആരംഭിക്കുവാൻ സാധിക്കത്തക്ക വിധം പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് ഇതുവരെയായി ദേവസ്വം വകുപ്പിൽ നിന്നും 5 ലക്ഷം രൂപയും സാംസ്കാരിക വകുപ്പിൽ നിന്നും 50 ലക്ഷം രൂപയുടെ ഗ്രാന്റും ലഭ്യമായിട്ടുണ്ട്. അക്കാദമിക്ക് സ്വന്തമായി ഭൂമി, കെട്ടിടം തുടങ്ങിയ കാര്യങ്ങളിൽ ഭരണ സമിതിയിൽ നിന്നും ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ